THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

**GRADE 5**
**QUESTION BANK**

പാഠം : 10
ഒരു ചോദ്യം ഒരു ഉത്തരം

അർഥം

1 ശിരസ്സ് - തല

2 തേജസ്സ് - ശോഭ

3 മുഖകാന്തി - മുഖസൗന്ദര്യം

4 ജൈവം - ജീവനുള്ള

5 വാസ്തവം - സത്യം

6 കർമ്മം - പ്രവർത്തി

7 തേജസ്സ് - ശോഭ

8 വിളംബരം - ഉറക്കെ പറയുക

9 ഭവ്യത - വിനയം

10 സാധകം - ആവർത്തിച്ചുള്ള

11 സന്ദേശം - അറിയിപ്പ്

വിപരീതം

1, സുഖം x ദുഃഖം

2, ആദരവ് x അനാദരവ്

3, ജ്ഞാനിx അജ്ഞാനി

4, പ്രയാസം x നിഷ്പ്രയാസം

5, ദൃഢം x ശിഥിലം

6, നവീനം xപുരാതനം

7, പ്രതികൂലം x അനുകൂലം

പകരം പദം

1 വദനം- മുഖം

2 മനസ്സ് -ചിത്തം

3 ഗാത്രം - തനു

4 ഭൂമി- ധര

5 ധീരൻ - ശക്തൻ

പിരിച്ചെഴുതുക

കണ്ടാലറിയാത്തത്- കണ്ടാൽ + അറിയാത്തത്

പുതച്ചിരിക്കുന്നു - പുതച്ച് + ഇരിക്കുന്നു

മനസ്സിലില്ലെങ്കിൽ -മനസ്സിൽ + ഇല്ലെങ്കിൽ

കിട്ടുന്നതിനുവേണ്ടി- കിട്ടുന്നതിന്+ വേണ്ടി

മഹത് വാക്യങ്ങൾ

സ്വാമി വിവേകാനന്ദൻ

" ധീരൻ മരിക്കുന്നത് ഒരിക്കൽ മാത്രം. അധീരൻ ജീവിച്ചുകൊണ്ട് പലവട്ടം മരിക്കുന്നു."

ശ്രീനാരായണഗുരു

"ജാതി ചോദിക്കരുത്,പറയരുത്, വിചാരിക്കരുത്."

" മതമേതായാലും മനുഷ്യൻ നന്നായാൽ മതി"

മഹാത്മാഗാന്ധി

" എന്റെ ജീവിതം ആണ് എന്റെ സന്ദേശം"

ഉത്തരംഎഴുതുക

**1** ശ്രീനാരായണഗുരുവിനെ ലേഖകൻ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു**?**

**ans :** കുലീനതയുള്ള വേഷം,തേജസ് തുളുമ്പുന്ന മുഖം, നേർത്ത പുഞ്ചിരി,ഓളം വെട്ടുന്ന ചുണ്ടുകൾ,വെളുത്ത മുണ്ടാണ് ധരിച്ചിരിക്കുന്നത്, വെളുത്ത ഉത്തരീയം ധരിച്ചിരിക്കുന്നു,മുണ്ഡനം ചെയ്തതാണ് ശിരസ്സ്, നെറ്റിയിലെ കുറി , അലങ്കാരമല്ല , ഇപ്രകാരമെല്ലാമാണ് ശ്രീനാരായണഗുരുവിനെ ലേഖകൻ അവതരിപ്പിച്ചിരിക്കുന്നത്.

**2 ,** സ്വാമി വിവേകാനന്ദന്റെ വാക്കുകൾ എന്ത്**?**

ജാതിയും ഉപജാതിയും നിറഞ്ഞ കേരളം ഒരു ഭ്രാന്താലയമാണെന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്

**3** ആരെയാണ് നല്ല മനുഷ്യൻ എന്ന് വിവക്ഷിക്കുന്നത്**?**

ഒരാളെ നല്ല മനുഷ്യൻ എന്ന് പറയുന്നത് അയാളുടെ മതം നോക്കിയല്ല ജാതി നോക്കിയല്ല കർമ്മം നോക്കിയാണ്. നല്ല പ്രവർത്തി നല്ല വാക്ക് നല്ല ചിന്ത ഇതാണ് നല്ല മനുഷ്യന്റെ ലക്ഷണം.

**4** എങ്ങനെയാണ് ഒരാൾ നല്ല മനുഷ്യൻ ആകുന്നത്**?**

മറ്റുള്ളവർ സഹോദരങ്ങളാണെന്ന് പഠിക്കുമ്പോഴാണ് ഓരോരുത്തരും നല്ലവരാകുന്നത് അപ്പോൾ മറ്റുള്ളവർക്ക് ഉപകാരം ചെയ്യാനും അവരെ യഥാവിധി സഹായിക്കാനും നാം മുതിരും സ്വന്തം ഭവനത്തിൽ ഉള്ളവരെ മാത്രമല്ല അയൽക്കാരെയും അകലെയുള്ളവരെയും നാം സ്നേഹിക്കണം ഇങ്ങനെ സമൂഹത്തിനുവേണ്ടി സേവനമനുഷ്ഠിക്കുമ്പോഴാണ് ഒരാൾ നല്ല മനുഷ്യൻ ആകുന്നത്.